**എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ : കെ.മുഹമ്മദ്.വൈ. സഫീറുള്ള, ഐ.എ.എസ്)**

**നം.സി5-49508/16.** തീയതി : 18/09/2018.

**വിഷയം**:- പൊന്നുംവില നടപടി -പെരുമ്പാവൂർ മുനിസിപ്പൽ ടൗൺ ഹാളിലേയ്ക്കുള്ള റോഡ് നിർമ്മാണം - സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്.

**വായന**:- 1. 7/2/2018 ൽ അംഗീകരിച്ച ഇതേ നമ്പർ Form 4 വിജ്ഞാപനം.
2. SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് 30/6/2018 ൽ സമർപ്പിച്ച അന്തിമ റിപ്പോർട്ട്.
3. ജില്ലാ കളക്ടറുടെ 20/7/2018 ലെ ഇതേ നമ്പർ നടപടിക്രമം.
4. വിദഗ്ധ സമിതി ചെയർമാൻ & സ്പെഷ്യൽ തഹസിൽദാർ (എൽ.എ) യുടെ 11/9/2018 ലെ c4-432/17 നമ്പർ റിപ്പോർട്ട്.
5. G.P.(P) No.376/16RD, തീയതി 59/6/2016.

* * * * * * * *

പെരുമ്പാവൂർ മുനിസിപ്പൽ ടൗൺഹാളിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 17/03/2017ാം തീയതി പെരുമ്പാവൂർ മുനിസിപ്പാലിറ്റി അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതും, ആയതു പ്രകാരം എറണാകുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറലിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി ജില്ലാ കളക്ടർ നിയമിച്ചിട്ടുള്ളതുമാണ്. RFCTLARR Act 2013 പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ (ഔട്ട്റീച്ച്) നിയോഗിച്ചിട്ടുള്ളതാണ്.

RFCTLARR ചട്ടം 11(3) പ്രകാരമുള്ള ഫോറം നമ്പർ 4 വിജ്ഞാപനം ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും, ആയത് നിയമാനുസൃതം 18/01/2018 ലെ 97-)ം നമ്പർ അസാധാരണ ഗസറ്റിലും പെരുമ്പാവൂർ മുനിസിപ്പാലിറ്റി, ബന്ധപ്പെട്ട ജില്ലാ കളക്ടറേറ്റ്, റവന്യു ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് ആരെയും പുനരധിവസിപ്പിക്കേണ്ടതില്ലെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതു വഴി പെരുമ്പാവൂർ മുനിസിപ്പൽ ടൗൺ ഹാളിലേയ്ക്കുള്ള പ്രധാന പാത നഗരത്തിലെ പ്രധാന റോഡുമായി ബന്ധിപ്പിക്കുകയും ഇവിടുത്തെ ജനങ്ങൾക്ക് ടൗൺഹാൾ സുഗമമായി ഉപയോഗിയ്ക്കുവാൻ

സാധിക്കുകയും ചെയ്യുമെന്നും ടി പദ്ധതി 2013 ലെ 30ാം നമ്പർ ആക്റ്റിലെ സെക്ഷൻ 2(1) ബി(i) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ വരുന്നതിനാൽ പൊതുജന താല്പര്യത്തെ മുൻ നിറുത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലേക്കേണ്ടതാണെന്നും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി 20/07/2018 ലെ സി5-49508/16 നമ്പർ നടപടിക്രമം പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ച് ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതാണ്.

ഇതു സംബന്ധിച്ച് 08/08/2018 തീയതി ഉച്ച കഴിഞ്ഞ് 3 മണിയ്ക്ക് ഡെപ്യൂട്ടി കളക്ടർ (എൽ.എ.) യുടെ ചേമ്പറിൽ ചേർന്ന വിദഗ്ധ സമിതി യോഗം സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. നിർദ്ദിഷ്ട റോഡിന് ഏറ്റവും ചെലവ് കുറഞ്ഞതും ദൈർഘ്യം കുറഞ്ഞതും അനുയോജ്യവുമായ മറ്റൊരു ഭൂമി ലഭ്യമല്ലാത്തതാണെന്നും നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുകളും നേരിടേണ്ടി വരില്ലാത്തതുമായതിനാൽ ഒഴിവാക്കാനാവാത്ത പൊതു ആവശ്യമായി കണക്കാക്കി പൊന്നുംവില നടപടികൾ തുടരാവുന്നതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. പ്രസ്തുത ഭൂമി പുരയിടയിനത്തിൽപ്പെടുന്നതും, ഏറ്റെടുക്കലിനെതിരെ ആക്ഷേപങ്ങൾ ഒന്നും ഇല്ലാത്തതും. കൂടാതെ കച്ചവടക്കാർ, താമസക്കാർ എന്നിവർ ഇല്ലാത്തതിനാൽ പുനരധിവാസ പാക്കേജ് നൽകേണ്ടി വരില്ലെന്ന് യോഗം വിലയിരുത്തി. സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിനെപ്പറ്റി വിദഗ്ധ സമിതി അംഗങ്ങൾ ആരുംതന്നെ ആക്ഷേപം ഉന്നയിക്കുകയുണ്ടായില്ല. പ്രസ്തുത പദ്ധതി പെരുമ്പാവൂർ മുനിസിപ്പൽ ടൗൺഹാളിലേയ്ക്ക് റോഡ് നിർമ്മാണത്തിനായി അത്യാവശ്യമാണെന്നും പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായുള്ള സാമൂഹ്യ ചെലവുകളേയും പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ വലുതാണെന്നും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ അളവ് പദ്ധതിയ്ക്ക് ആവശ്യമായിട്ടുള്ളതാണെന്നും, ഇതിലും അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലെന്നും. ടി ആവശ്യത്തിലേയ്ക്കായി നേരത്തേ ഏറ്റെടുത്തിട്ടുള്ളതും ഉപയോഗിച്ചിട്ടില്ലാത്തതുമായ ഭൂമി ഇല്ലെന്നും യോഗം വിലയിരുത്തി.

വിശദമായ ചർച്ചകൾക്കുശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പൊതുതാല്പര്യത്തെ മുൻനിറുത്തി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിക്കുകയും, ഈ തീരുമാനം യോഗത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ദ്ധ സമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ കുന്നത്തുനാട് താലൂക്ക് പെരുമ്പാവൂർ വില്ലേജിലെ ബ്ലോക്ക് നം.69, റീസർവ്വെ 70 ൽപ്പെട്ട 155 $M^2$ (3.82 സെന്റ്) സ്ഥലം പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് LARRACT 2013 സെക്ഷൻ 8(1), (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിനോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർനടപടകൾ സ്വീകരിക്കുന്നതിനും പൊന്നുംവില തഹസിൽദാരെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്

ജില്ലാ കളക്ടർ

പകർപ്പ്- 1. സ്പെഷ്യൽ തഹസീൽദാർ(എൽ.എ) ജനറൽ, കാക്കനാട്

(അറിവിലേക്കും അനന്തര നടപടികൾക്കും)

2. സെക്രട്ടറി, പെരുമ്പാവൂർ മുനിസിപ്പാലിറ്റി

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)

റ്റി 15